**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5798** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എല്ലാ ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്ന രീതിയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി മുഖാന്തിരവും, പ്രോമോഷൻ മുഖാന്തിരവും നികത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ എത്ര താല്ക്കാലിക ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചും തസ്തിക തിരിച്ചും വിശദമാക്കുമോ; | (ബി) | (പട്ടിക താഴെ) |

| ക്രമ.നം. | ജില്ല | റിമാർക്ക്സ് |
|---|---|---|
| 1 | തിരുവനന്തപുരം | 56 അസിസ്റ്റന്റ് സർജൻ |
| 2 | കൊല്ലം | 5 അസിസ്റ്റന്റ് സർജൻ/ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ |
| 3 | പത്തനംതിട്ട | 13 അസിസ്റ്റന്റ് സർജൻ |
| 4 | കോട്ടയം | 5 (കൺസൾട്ടന്റ് - 3, അസിസ്റ്റന്റ് സർജൻ - 2) |
| 5 | ഇടുക്കി | 14 (ജൂനിയർ കൺസൾട്ടന്റ് - 3, അസിസ്റ്റന്റ് സർജൻ - 11) |
| 6 | ആലപ്പുഴ | 45 (സിവിൽ സർജൻ- 1, അസിസ്റ്റന്റ് സർജൻ– 33, കൺസൾട്ടന്റ്/സീനിയർ കൺസൾട്ടന്റ് - 10, ഡെന്റൽ സർജൻ - 1) |
| 7 | എറണാകുളം | 56 അസിസ്റ്റന്റ് സർജൻ |
| 8 | തൃശ്ശൂർ | 72 അസിസ്റ്റന്റ് സർജൻ |
| 9 | മലപ്പുറം | 8(സീനിയർ കൺസൾട്ടന്റ് - 1, കൺസൾട്ടന്റ് - 2, ജൂനിയർ കൺസൾട്ടന്റ് - 1, |

| | | |
|---|---|---|
| | | അസിസ്റ്റന്റ് സർജൻ/ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4) |
| 10 | പാലക്കാട് | 19 അസിസ്റ്റന്റ് സർജൻ |
| 11 | വയനാട് | 17 (കൺസൾട്ടന്റ് - 9, ജൂനിയർ കൺസൾട്ടന്റ് - 3, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ – 1, സിവിൽ സർജൻ/ അസിസ്റ്റന്റ് സർജൻ - 4) |
| 12 | കോഴിക്കോട് | 1 അസിസ്റ്റന്റ് സർജൻ |
| 13 | കണ്ണൂർ | 30 (അസിസ്റ്റന്റ് സർജൻ – 19, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ – 1, കൺസൾട്ടന്റ് - 10) |
| 14 | കാസർഗോഡ് | 15 അസിസ്റ്റന്റ് സർജൻ |
| **ആകെ** | | **356** |

| | | | |
|---|---|---|---|
| (സി) | സ്ഥിര നിയമനത്തിനായി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഡോക്ടർമാർക്ക് അവസരം നിഷേധിച്ചുകൊണ്ട് താല്ക്കാലിക നിയമനം നടത്തുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ, അസിസ്റ്റന്റ് ദന്തൽ സർജൻ എന്നീ വിഭാഗങ്ങളിൽപ്പെട്ട മെഡിക്കൽ ഓഫീസർമാരുടെ അനുവദനീയ തസ്തികകളിലേക്കാണ് (Sanctioned Post) പി.എസ്.സി മുഖാന്തിരം നിയമനം നടത്തി വരുന്നത്. പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ലഭ്യമായ നിയമന ശിപാർശകളിൽ എല്ലാംതന്നെ നിലവിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഡോക്ടർമാർക്ക് അവസരം നിഷേധിക്കുന്ന സ്ഥിതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ